"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്കരണം - റവന്യൂ വകുപ്പിലെ അടിയന്തര ആവശ്യങ്ങൾക്കായി 883 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ CPRCS വഴി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1617/2026/RD തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.01.2026 തീയതിയിലെ LR/68/2026-IT CELL 5 നമ്പർ കത്ത്.
2. 05.08.2026 തീയതിയിലെ സ.ഉ(സാധാ)നം.1511/2026/റവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

Digital India Land Records Modernization Programme (DLRMP) ഫണ്ട് ഉപയോഗിച്ച് 1472 ലാപ്ടോപ്പുകൾ CPRCS വഴി ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിനാൽ, ടെൻഡർ വ്യവസ്ഥകളനുസരിച്ചുള്ള 30% ടോളറൻസ് ക്ലോസ് ഉപയോഗിച്ച് തുടർന്നുള്ള പർച്ചേസുകളിൽ അധികമായി ലാപ്ടോപ്പുകൾ വാങ്ങാവുന്നതാണെന്ന് കെൽട്രോണിൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചതിൻ പ്രകാരം മേൽ പറഞ്ഞ 30% ടോളറൻസ് ക്ലോസിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റ് പ്ലീഡർ ഓഫീസുകളിലേക്ക് 39 ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിന് 23.10.2025 ന് ചേർന്ന പർച്ചേസ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതായും 19 ലാപ്ടോപ്പുകൾ, 883 A4 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനായി 06.01.2026 തീയതി ചേർന്ന ടെക്നിക്കൽ കമ്മിറ്റിയുടെയും പർച്ചേസ് കമ്മിറ്റിയുടെയും അനുമതിയോടെ നടപടിക്രമങ്ങൾ തുടർന്നുവരികയാണെന്നും ടി 19 ലാപ്ടോപ്പുകൾ മേൽ പറഞ്ഞിരിക്കുന്ന 30% ടോളറൻസ് ക്ലോസിനുള്ളിൽ നിന്നുകൊണ്ട് വാങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളതായും മേൽ സൂചിപ്പിച്ചിരിക്കുന്ന 19 ലാപ്ടോപ്പുകളും 883 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകളും വാങ്ങുന്നതിനായി Infrastructure Creation/ Maintenance/Upgradation for Plan Prioritization എന്ന ഘടകത്തിൽ നിന്നും ഒരു ലാപ്ടോപ്പിന് 42,685/- രൂപ നിരക്കിൽ 19 ലാപ്ടോപ്പുകൾക്ക് 8,11,015/- രൂപയും, ഒരു പ്രിന്ററിന് രൂപ 23,502/- നിരക്കിൽ 883 പ്രിന്ററുകൾക്ക് 2,07,52,266/- രൂപയും ചേർത്ത് ആകെ 2,15,63,281/- രൂപ ചെലവാകും എന്നതിനാൽ മേൽ വിശദീകരിച്ചിരിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി 2,15,63,281/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ റവന്യൂ വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം എന്ന പദ്ധതിയുടെ Infrastructure Creation/Maintenance/Upgradation എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 5475-00-800-77-02(PV) എന്ന അക്കൗണ്ട് ഹെഡ്ഡിൽ നിന്നും ചെലവഴിച്ച് പർച്ചേസ് ചെയ്യുവാൻ ആവശ്യമായ ഭരണാനുമതി നൽകണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 1-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൾട്ടി ഫംഗ്ഷൻ പ്രിന്ററുകളുടെ (MFP)

നിരക്കുകൾ നിലവിൽ CPRCS-ൽ ലഭ്യമായതിനാൽ, നടപ്പ സാമ്പത്തിക വർഷത്തെ റവന്യൂ വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം എന്ന പദ്ധതിയുടെ Infrastructure Creation/Maintenance/Upgradation എന്ന ഘടകത്തിലുൾപ്പെടുത്തി റവന്യൂ വകുപ്പിലെ അടിയന്തര ആവശ്യങ്ങൾക്കായി 883 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ CPRCS വഴി വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAM KUMAR C R

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഇലക്ട്രോണിക്സ് & ഐ.ടി  വകുപ്പ് (30.05.2026-ലെ ITCell-2/70/2026-ITD പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sheeba V R
Date: 20-08-2026
12:09:17

സെക്ഷൻ ഓഫീസർ